Reg No:.................. K24FY 1470 (B)

Name :...................

# First Semester FYUGP Malayalam Examination
# NOVEMBER 2024 (2024 Admission onwards)
# KU1DSCMAL102 (PRAYOGIKA MALAYALAM)

(DATE OF EXAM: 4-12-2024)

---

Time : 90 min Maximum Marks : 50

## Part A (Answer any 6 questions. Each carries 2 marks)

1. അക്ഷരം എന്ന വാക്കിന്റെ അർത്ഥം എന്ത്? 2

2. അർധ വിരാമം എന്നാലെന്ത്? 2

3. ആന വെള്ളം കുടിച്ചു - ഈവാക്യത്തിലെ കർമ്മമേത്? 2

4. തലയിലെഴുത്ത് -എന്ന പ്രയോഗത്തിന്റെ അർഥം വിശദമാക്കുക? 2

5. നല്ലവാക്കോതുവാൻ ത്രാണിയുണ്ടാവണം
   സത്യം പറയുവാൻ ശക്തിയുണ്ടാവണം - ഈ വരികളുടെ ആശയം വിപുലീകരിക്കുക? 2

6. ഒരു അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളേവ? 2

7. ഏതെങ്കിലും മൂന്നു വിഭാഗം കത്തുകളുടെ പേരെഴുതുക. 2

8. ഒരു ഉപന്യാസത്തിന്റെ ഘടന പരിചയപ്പെടുത്തുക. 2

## Part B (Answer any 4 questions. Each carries 6 marks)

9. മലയാളത്തിലെ അക്ഷരങ്ങളേവ? 6

10. അച്ചടിക്കുന്ന പാഠത്തിൽ തെറ്റുതിരുത്തലിന്റെ പ്രാധാന്യമെന്ത്? 6

11. ഗംഗയും നകുലനമായി നടക്കുന്ന സംഭാഷണ ശകലമാണ് താഴെക്കൊടുത്തിരിക്കുന്നത്.
    പ്രസ്തുതഭാഗം അന്യാഖ്യാനമായി മാറ്റിയെഴുതുക.
    " ഗംഗ ഇപ്പോൾ എവിടെപ്പോകുന്നു?
    "അതുകൊള്ളാം, ഞാൻ പറഞ്ഞില്ലേ അല്ലിക്ക് കല്യാണാഭരണം എടുക്കാൻ പോണെന്ന്. "
    " ഗംഗ ഇപ്പോ പോണ്ട."
    "ങേ , ഞാൻ പോണ്ടേ? ഞാനിന്നു രാവിലെയും പറഞ്ഞിരുന്നതാണല്ലോ. പിന്നെന്താ ഇപ്പോഴൊരു മനംമാറ്റം?"
    " ഗംഗ ഇപ്പോ പോണ്ട ." 6

12. പഴഞ്ചൊല്ലിന്റെ ആശയം വ്യാഖ്യാനിച്ചെഴുതുക.
    നാക്ക് നന്നെങ്കിൽ നാടടക്കാം. 6

13. കോളേജിലെ എൻ.എസ്.എസ്. ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നതായി സങ്കല്പിച്ചുകൊണ്ട് ഒരു പ്രസംഗം തയാറാക്കുക. 6



14. നൽകിയിരിക്കുന്ന പോസ്റ്റർ പരസ്യത്തെ ഒരു പത്രക്കുറിപ്പായി മാറ്റിയെഴുതുക.
    സഹൃദയവായനശാല & ഗ്രന്ഥാലയം
    മഹാത്മാഗാന്ധി
    156ാം ജന്മ വാർഷികം
    നാളെയുടെ തലമുറയെ ഗാന്ധിജിയുടെ വഴിയിലേക്ക് ക്ഷണിക്കുന്നു.
    *മഹാത്മാഗാന്ധിജി - ഉപന്യാസമത്സരം*
    മഹാത്മാവിന്റെ ജീവിത ദർശനത്തെ കുറിച്ച് ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ പത്തു വേദികളിലായി മത്സരം സംഘടിപ്പിക്കുന്നു.
    യു പി , ഹൈസ്കൂൾ , ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ മത്സരം
    കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ
    99887766554 6

## Part C (Answer any 1 question(s). Each carries 14 marks)

15. താഴെക്കൊടുത്തിരിക്കുന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

*കാലം*

‖സിനി കെ എസ് ‖

വൈകിയതെന്തെന്ന് ക്രുദ്ധയായി ചോദിക്കുന്നു ടീച്ചർ ,
ബസ് പോയെന്ന് പഴയ കുട്ടി
അല്ല, ഉണരാൻ വൈകിയെന്ന് സധൈര്യം പുതിയ കുട്ടി .
കാരണം തിരക്കുന്നു ടീച്ചർ
അമ്മയ്ക്ക് വയ്യ, പണിയുണ്ടെന്ന് പഴയ കുട്ടി
അല്പനേരം സ്വപ്നം കണ്ടിരുന്നെന്നു പുതിയ കുട്ടി
നീയും അവളും കൈകോർത്ത് നടക്കുന്നതെന്തിന് ടീച്ചർ
ഇനി ആവർത്തിക്കില്ലെന്ന് പഴയ കുട്ടി
ഞങ്ങൾ മനുഷ്യരെന്ന് പുതിയ കുട്ടി
പ്രണയം പാപമെന്ന് ടീച്ചർ
തലകുനിച്ച് പഴയ കുട്ടി
പക്ഷികളെ പോലെ ....
പൂമ്പാറ്റകളെ പോലെ...
ഞങ്ങൾ ദൃശ്യ പ്രണയമുള്ള ജീവികൾ എന്ന് പുതിയ കുട്ടി
ദൃശ്യപ്പെടുംവരെയുള്ള
പ്രണയത്തിന് സാധ്യതയെന്ന്
കലഹിച്ചവരെ നോക്കി പുഞ്ചിരിച്ചു
കൊണ്ട് പുതിയ കുട്ടികൾ
തെരുവിൽ ഉമ്മ വയ്ക്കുന്നു
തെരുവ് വസന്തമാകുന്നു. 14

16. നവമാധ്യമ കാലത്ത് മലയാള ഭാഷ പുതിയൊരു പരിണാമ ദശയിലൂടെയാണോ കടന്നുപോകുന്നത് ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക. 14